**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1266** **18-01-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങൾ തുറക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. അബ്ദുറഹിമാൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്നുള്ള ദീർഘമായ അവധിക്ക് ശേഷം സംസ്ഥാനത്തെ വിദ്യാലയങ്ങൾ തുറക്കുമ്പോൾ എന്തൊക്കെ മുൻകരുതലുകളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | 2021 ജനുവരി 1 മുതൽ 10 ,12 ക്ലാസ്സുകളിലെ കുട്ടികൾ സ്കൂളിലെത്തുമ്പോൾ സ്കൂൾ തലത്തിൽ ഒരുക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെയും കേന്ദ്ര സർക്കാരിന്റെയും മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് പ്രഥമാധ്യാപകർക്കും ,അദ്ധ്യാപകർക്കും ,കുട്ടികൾക്കും വേണ്ട നിർദേശങ്ങൾ നൽകിയിട്ടുണ്ട് .ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തി.കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുഖേന ഓരോ ക്ലാസ്സിലും സാനിട്ടൈസർ വിതരണം ചെയ്തിട്ടുണ്ട് .കേരള സ്റ്റേറ്റ് കയർ കോർപറേഷൻ മുഖേന ഒരു വെറ്റ് മാറ്റ് , ഒരു ഡ്രൈ മാറ്റ് ,പ്ലാസ്റ്റിക് ട്രേ ,ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവയടങ്ങുന്ന ഒരോ കിറ്റും സ്കൂളുകളിൽ എത്തിച്ചു നൽകിയിട്ടുണ്ട് . |
| (ബി) | വളരെ കാലം അടഞ്ഞുകിടന്ന വിദ്യാലയങ്ങളും പരിസരവും പരിപൂർണമായതോതിൽ ശുചീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | 2021 ജനുവരി 1 മുതൽ 10 ,12 ക്ലാസ്സുകളിലെ കുട്ടികൾ സ്കൂളിലെത്തുമ്പോൾ സ്കൂൾ തലത്തിൽ ഒരുക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെയും കേന്ദ്ര സർക്കാരിന്റെയും മാർഗനിർദേശങ്ങൾ പാലിച്ചുകൊണ്ട് പ്രഥമാധ്യാപകർക്കും ,അദ്ധ്യാപകർക്കും ,കുട്ടികൾക്കും വേണ്ട നിർദേശങ്ങൾ നൽകിയിട്ടുണ്ട് .ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ അണുനശീകരണ പ്രവർത്തനങ്ങൾ നടത്തി.കേരള ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് മുഖേന ഓരോ ക്ലാസ്സിലും സാനിട്ടൈസർ വിതരണം ചെയ്തിട്ടുണ്ട് .കേരള സ്റ്റേറ്റ് കയർ കോർപറേഷൻ മുഖേന ഒരു വെറ്റ് മാറ്റ് , ഒരു ഡ്രൈ മാറ്റ് ,പ്ലാസ്റ്റിക് ട്രേ ,ഒരു ലിറ്റർ അണുനശീകരണ ലായനി എന്നിവയടങ്ങുന്ന ഒരോ കിറ്റും സ്കൂളുകളിൽ എത്തിച്ചു നൽകിയിട്ടുണ്ട് . |

| | | | |
|---|---|---|---|
| (സി) | വയനാട്ടിലെ ഒരു വിദ്യാലയത്തിൽ ഒരു വിദ്യാർത്ഥിനി പാമ്പുകടിയേറ്റ് ദാരുണമായി കൊല്ലപ്പെടാൻ ഇടയായ മുൻ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും അദ്ധ്യാപകരുടെയും പി.ടി.എ ഭാരവാഹികളുടെയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെയും സഹകരണത്തോടെ വിദ്യാർത്ഥികളുടെ പരിപൂർണ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഈ വിഷയത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളും പരിസരവും വൃത്തിയായി സംരക്ഷിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 22/11/2019ലെ -ആർ .ആർ 1 / 90010/2017/ ഡി ജി ഇ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ